**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3099** **01-03-2023 - ൽ മറുപടിയ്ക്ക്**

**തരൂർ നിയോജകമണ്ഡലത്തിലെ അണക്കപ്പാറ- മുടപ്പല്ലൂർ റോഡ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ നിയോജകമണ്ഡലത്തിലെ അണക്കപ്പാറ- മുടപ്പല്ലൂർ റോഡ് നിർമ്മാണം അനന്തമായി നീളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കരാർ പ്രകാരം 23.04.2021 വരെ പൂർത്തീകരണ കാലാവധിയുണ്ടായിരുന്നത് കേരള ജല അതോറിറ്റിയുടെ കിഫ്ബി പദ്ധതിയുടെ ഭാഗമായ കുടിവെള്ള പൈപ്പിടൽ കാരണം, പൂർത്തീകരണ കാലാവധി 30.11.2022 വരെ ദീർഘിപ്പിച്ചിരുന്നതാണ്. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണം എന്ന് പൂർത്തീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കരാർ പ്രകാരം 23.04.2021 വരെ പൂർത്തീകരണ കാലാവധിയുണ്ടായിരുന്നത് കേരള ജല അതോറിറ്റിയുടെ കിഫ്ബി പദ്ധതിയുടെ ഭാഗമായ കുടിവെള്ള പൈപ്പിടൽ കാരണം, പൂർത്തീകരണ കാലാവധി 30.11.2022 വരെ ദീർഘിപ്പിച്ചിരുന്നതാണ്. |
| (സി) | അണക്കപ്പാറ- മുടപ്പല്ലൂർ റോഡ് പണിയുടെ പൂർത്തീകരണത്തിൽ കരാറുകാരന് വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കർശന താക്കീത് നൽകിയിരുന്നുവെങ്കിലും നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു നടപടിയും കരാറുകാരന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ആയതിനാൽ ടി പ്രവൃത്തിയിൽ നിന്നും കരാറുകാരനെ റിസ്ക്&കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ